**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 601</u>** **<u>11-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സ്ഥലം</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ സി കെ ഹരീന്ദ്രൻ</th><th colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>വ്യവസായ വകുപ്പിന് കീഴിൽ കേരള ഖാദി വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിൽ പെരുങ്കടവിള പഞ്ചായത്തിൽ മാരായമുട്ടത്ത് പ്രവർത്തിച്ചിരുന്നതും നിലവിൽ പ്രവർത്തനരഹിതവുമായ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ സി.ഐ.എൻ.ഡി. (ടി) 1 എന്ന സഹകരണ സംഘത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; പ്രസ്തുത സംഘത്തിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;</td><td>(എ)</td><td>പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.ഐ.എൻ.ഡി. (ടി) 1, മാരായമുട്ടം (പി.ഒ) എന്ന സംഘം ഇപ്പോൾ പ്രവർത്തന രഹിതമാണ്. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.</td></tr>
<tr><td>(ബി)</td><td>ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിന് ഉള്ളതെന്ന് അറിയിക്കുമോ; നിലവിൽ ഇതിന്റെ ഉടമസ്ഥത ആർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ് ബാധ്യതയെന്ന് അറിയിക്കുമോ; ബാധ്യതകളുടെ വിശദാംശം ലഭ്യമാക്കാമോ;</td><td>(ബി)</td><td>സംഘത്തിന് 9 (ഒമ്പത്) ആർ സ്ഥലം ഉണ്ട്. വസ്തുവിന്റെ ഉടമ സംഘം ആണ്. കേരള സഹകരണ നിയമപ്രകാരം ഈ സംഘത്തിന്റെ രജിസ്ട്രാർ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയാണ്. സ്ഥലം ജാമ്യമായി വായ്പയെടുത്തവകയിൽ സംഘത്തിന് ഖാദി ബോർഡിൽ ബാധ്യതയുണ്ട്. 05-06-2024 പ്രകാരമുള്ള ബാധ്യത കണക്ക് താഴെപ്പറയുന്നു.
<table>
<tr><td>മുതൽ</td><td>1,63,384</td></tr>
<tr><td>പലിശ</td><td>3,57,518</td></tr>
<tr><td>പിഴപ്പലിശ</td><td>5,20,122</td></tr>
<tr><td>സ്റ്റേഷനറി ചാർജ്ജ്</td><td>1,000</td></tr>
<tr><td></td><td>10,42,024</td></tr>
<tr><td>സർവ്വീസ് ചാർജ്ജ് @7.5%</td><td>78,152</td></tr>
<tr><td>ആകെ ബാധ്യത</td><td>11, 20,176</td></tr>
</table>
</td></tr>
<tr><td>(സി)</td><td>നിലവിൽ പ്രവർത്തനരഹിതമായ പ്രസ്തുത സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഒടുക്കിയാൽ സംഘത്തിന്റെ പേരിൽ റീ സർവേ 645/2-ൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലം</td><td>(സി)</td><td>ആസ്തി കൈമാറ്റം നടത്തുന്നതിന് സഹകരണ ചട്ടം 13 അനുസരിച്ച് പതിനഞ്ച് ദിവസത്തെ നോട്ടീസ് നൽകി വിളിച്ചുചേർക്കുന്ന</td></tr>
</table>

| | | | |
|---|---|---|---|
| | മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ; ഇതിലേയ്ക്കായി എന്തെങ്കിലും നിയമതടസ്സങ്ങൾ ഉണ്ടോ; വിശദമാക്കുമോ; | | പൊതുയോഗത്തിൽ ഹാജരായി വോട്ടു ചെയ്യപ്പെട്ട ആകെ അംഗങ്ങളുടെ മൂന്നിൽരണ്ട് ഭാഗം പേരുടെ പിന്തുണയോടെ പാസ്സാക്കിയ ആസ്തി കൈമാറ്റം സംബന്ധിച്ച ഒരു തീരുമാനം എടുക്കേണ്ടതാണ്. <br><br> സംഘത്തിന്റെ സ്ഥലം ബാധ്യതകൾ ഒന്നുമില്ലാതെ ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് നടപടിയെടുക്കാൻ സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഖാദീ ബോർഡിൽ നിന്നും ബാധ്യത തീർക്കുന്നതിന് പഞ്ചായത്തിന് കത്ത് നൽകിയിരുന്നു. എന്നാൽ വസ്തുകൈമാറ്റം നടത്തിയതിനുശേഷം തുക One Time Settlement ആയി അടയ്ക്കാമെന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. എന്നാൽ ബാധ്യത തീർപ്പാക്കിയാൽ മാത്രമേ, രജിസ്ട്രാർ എന്ന നിലയിൽ വസ്തുകൈമാറ്റം ചെയ്യുന്നതിന് NOC നൽകുവാൻ ഖാദി ബോർഡ് സെക്രട്ടറിയ്ക്ക് സാധിക്കുകയുള്ളു. |
| (ഡി) | പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ കമ്മിറ്റി തീരുമാനം ഉള്ളടക്കം ചെയ്ത് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണ്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) | പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷനു നൽകാൻ 21-04-2016-ലെ ഖാദി ബോർഡ് യോഗം തീരുമാനിച്ചു. ബോർഡിനു കിട്ടാനുള്ള കുടിശ്ശിക അടച്ച് തുടർ നടപടി സ്വീകരിക്കാൻ പെരുങ്കടവിള ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശം പാലിച്ച് പെരുങ്കടവിള ഗ്രാമ പഞ്ചായത്തിൽ തീരുമാനമായി. ഈ വസ്തു ഏറ്റെടുക്കാനും ഖാദി ബോർഡ് ആവശ്യപ്പെട്ടതു പ്രകാരം പഞ്ചായത്ത് ചെലവിൽ ടി സ്ഥലത്ത് ഒരു ഖാദി ഉൽപ്പാദന കേന്ദ്രം കൂടി നിർമ്മിച്ചു നൽകാനും തീരുമാനിച്ചതായി പഞ്ചായത്ത് അറിയിച്ചിരുന്നെങ്കിലും കുടിശ്ശിക അടയ്ക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 26-06-2023-ൽ ഭൂമിയുടെ ഉടമസ്ഥാവകാശം ലഭ്യമാക്കുന്ന മുറയ്ക്ക് One Time Settlement ആയി നടപടിക്രമങ്ങൾ പൂർത്തിയാക്കാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് 18-09-2023-ന് ബാധ്യത വിവരം പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. (ഫയൽ നം.5825/ 2015/സഹ) |

സെക്ഷൻ ഓഫീസർ